പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 27

28.10.2019 ൽ
മറുപടിക്ക്

## സേവനാവകാശനിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഇപ്പോൾ സേവനാവകാശനിയമം പ്രാബല്യത്തിലുണ്ടോ; എങ്കിൽ ഈ നിയമം എപ്പോൾ നിലവിൽ വന്നുവെന്ന് വ്യക്തമാക്കാമോ; | എ) | 2012 നവംബർ 1 ന് സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നു. |
| ബി) | ഈ നിയമം വരുന്നതിനു മുമ്പും നിലവിൽ വന്നതിനുശേഷവും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനത്തിലെ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കാമോ; | ബി) | സേവനാവകാശ നിയമം നിലവിൽ വന്നതു മൂലം പൊതുജനങ്ങൾക്ക് സമയ-ബന്ധിതമായി സേവനം ലഭ്യമാകുക എന്നത് നിയമം മൂലം അവകാശമായി അംഗീകരിക്കപ്പെട്ടു. |
| സി) | സേവനാവകാശനിയമം നിലവിൽവരുന്നതിനു മുമ്പ് 2005 മുതൽ ഓരോ വർഷവും തീർപ്പാകാതെ കിടന്നിരുന്ന ഫയലുകളുടെ എണ്ണം എത്രയായിരുന്നുവെന്നും നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഓരാ വർഷവും ഇത്തരം ഫയലുകളുടെ എണ്ണം എത്രയാണെന്നും സെക്രട്ടേറിയറ്റ്, ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ; | സി) | ഫയൽ തീർപ്പാക്കൽ പദ്ധതിയും സേവനാവകാശ നിയമവും തമ്മിൽ ബന്ധപ്പെടുത്താനുള്ള സാഹചര്യം നിലവിലില്ല. ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ പ്രത്യേക നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഫയൽ തീർപ്പാക്കൽ യത്നം 2019 എന്ന പദ്ധതിയുടെ ഭാഗമായി 2019 ആഗസ്റ്റ് 1 ന് തുടങ്ങി 2019 ഒക്ടോബർ 31 ന് അവസാനിക്കുന്ന തരത്തിൽ നടപടികൾ തുടർന്നു വരുന്നു, |
| ഡി) | സേവനാവകാശനിയമം നിലവിൽവന്നതിനുശേഷം യഥാസമയം സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ പരാതി ലഭിച്ചു എന്നും അവർക്കെതിരെ കൈക്കൊണ്ട ശിക്ഷാ നടപടികൾ എന്തായിരുന്നുവെന്നും വിശദമാക്കാമോ; | (ഡി) യും (ഇ) യും | സേവനാവകാശവുമായി ബന്ധപ്പെടുത്തി ഇത്തരത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| ഇ) | ഇല്ലെങ്കിൽ സേവനാവകാശനിയമത്തിന്റെ കൃത്യമായ പാലനം കൊണ്ടാണോ ഇത്തരത്തിൽ പരാതികളും ശിക്ഷാനടപടികളും ഉണ്ടാകാത്തതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ